(ബി) 20,78,000 രൂപയാണ് ഈ പാലത്തിന്റെ എസ്റ്റിമേറ്റ് തുക.

(സി) നടപടികൾ സ്വീകരിച്ചുവരുന്നു.

വളത്തകാട് ദ്വീപിനെ മരട് എന്ന സ്ഥലവുമായി ബന്ധപ്പെടുത്തുന്ന പാലം

893 [1048] ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നല്കുമോ:

(എ) മരട് പഞ്ചായത്തിൽ വളത്തകാട് എന്ന ദ്വീപും മരട് എന്ന സ്ഥലവും ബന്ധപ്പെടുത്തുന്ന പാലം നിർമ്മിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) തൽസംബന്ധമായ നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പാലത്തിന്റെ പണി എന്നത്തേക്ക് ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) വളത്തകാട് ഹരിജൻ കോളനിയിലേക്കുള്ള റോഡിലാണ് പ്രസ്തുത പാലം നിർമ്മിക്കേണ്ടത്. ഈ ജോലിക്ക് ജില്ലാ വർക്കിംഗ് ഗ്രൂപ്പിന്റെ അനുമതി ആവശ്യമാണ്.

(സി) പ്രാരംഭ നടപടികൾ കഴിഞ്ഞിട്ടില്ലാത്തതിനാൽ പാലത്തിന്റെ പണി എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് ഇപ്പോൾ പറയാൻ കഴിയുകയില്ല.

നെടുമുടി, പള്ളാത്തുരുത്തി, കൈതത്തോട് പാലങ്ങൾ

894 [1049] ഡോ. കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നല്കുമോ:

(എ) നെടുമുടി, പള്ളാത്തുരുത്തി, കൈതത്തോട് എന്നീ പാലങ്ങളുടെ പണി കൺസ്ട്രക്ഷൻ കോർപ്പറേഷൻ ഏറ്റെടുത്തിട്ട് എത്ര കാലമായി;

(ബി) ഓരോന്നും ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(സി) ഇതിന്റെ പണി എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയും;

(ഡി) പണി സ്തംഭനാവസ്ഥയിലായതിന്റെ കാരണം എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ;

(ഇ) ഇനി ഒരു സ്പാൻ മാത്രം വാർക്കുവാൻ ബാക്കിയുള്ള കൈതത്തോട് പാലം ഉടൻ പൂർത്തീകരിക്കുവാനും സ്തംഭനാവസ്ഥയിലായ മുട്ടാർ സെൻട്രൽ റോഡിന്റെ പണി തീർക്കുവാനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നെടുമുടി പാലത്തിന്റെ പണി 1977 ഫെബ്രുവരിയിലും പള്ളാത്തുരുത്തി പാലത്തിന്റെ പണി 1976 ആഗസ്റ്റിലും കൈതത്തോട് പാലത്തിന്റെ പണി 1980 ഡിസംബറിലുമാണ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ഏറ്റെടുത്തത്.

LIBRARY ARCHIVES Kerala Legislative Assembly